പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4860 — 26.06.2019-ൽ മറുപടിയ്ക്ക്

## കേരള സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനമന്ദിരം

*ചോദ്യം*

ശ്രീ.കെ.വി.വിജയദാസ്

*ഉത്തരം*

ഡോ.കെ.ടി. ജലീൽ

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ), (ബി) & (സി) | കാട്ടാക്കട താലൂക്കിലെ വിളപ്പിൽ വില്ലേജിൽ 42.13.66 ഹെക്ടർ സ്ഥലം സാങ്കേതിക സർവകലാശാലക്കായി ഏറ്റെടുക്കുന്നതിന് 24/12/2018-ലെ G.O (Rt) No.2297/2018/HEdn പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. 16/03/2019-ൽ ഏറ്റെടുക്കുവാനുദ്ദേശിച്ചിരുന്ന ഭൂമിയിൽ സർവകലാശാല അധികാരികളും റവന്യൂ അധികാരികളും സംയുക്തമായി സ്ഥലപരിശോധന നടത്തിയിരുന്നു. എന്നാൽ, 14/02/2019-ലെ G.O.(Ms) No. 56/19/RD പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ അനുമതി പുറപ്പെടുവിക്കാത്തതിനാൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. പ്രസ്തുത അനുമതിയ്ക്കായിട്ടുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ ലഭ്യമാക്കുകയും, അർത്ഥനാധികാരി 5% കണ്ടിജൻസി ചാർജ് |
| (ബി) | പ്രസ്തുത സ്ഥാപനത്തെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠന ഗവേഷണ സ്ഥാപനമാക്കുന്നതിനായി നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | | |
| (സി) | ആസ്ഥാന മന്ദിരത്തിനായുള്ള സ്ഥലമെടുപ്പ് നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; അത് എവിടെ നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ? | | |

| | | | |
|---|---|---|---|
| | | | കെട്ടിവയ്ക്കുകയും ചെയ്യുന്ന മുറയ്ക്ക് നിലവിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സ്ഥലമെറ്റടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ